## പതിനാലാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.323 28/05/2019-ൽ മറുപടിയ്ക്ക്**

**കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന് കീഴിൽ പ്രവർത്തിക്കുന്ന കാത് ലാബുകൾ**

**ചോദ്യം**
**ശ്രീ. എൻ.ഷംസുദ്ദീൻ**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന് കീഴിൽ പ്രവർത്തിക്കുന്ന കാത് ലാബുകൾ ഏതൊക്കെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമാണ് പ്രവർത്തിക്കുന്നത് എന്നതിന്റെ വിശദാംശം നൽകുമോ; | (എ) യും (ബി) യും | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ ആഭിമുഖ്യത്തിൽ നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാത്രമേ കാത്ത് ലാബ് പ്രവർത്തിക്കുന്നുള്ളൂ. കാത്ത് ലാബിന് ആവശ്യമുള്ള കൺസ്യൂമബിൾസ് / റീ-ഏജന്റ് വിതരണം ചെയ്യുന്നതിന് M/s Haya Associates എന്ന കമ്പനിയുമായിട്ടാണ് കെ.എച്ച്.ആർ.ഡബ്ല്യൂ. എസ്. കരാറിൽ ഏർപ്പെട്ടിരുന്നത്. പ്രസ്തുത കമ്പനി ടി സാധനങ്ങൾ വിതരണം ചെയ്യാത്തതിനാൽ 2 ദിവസം കാത്ത് ലാബ് പ്രവർത്തന രഹിതമായിരുന്നു. M/s.India Medtronic (P) Ltd. എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ ലഭ്യമാക്കി കാത്ത് ലാബ് നിലവിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കാത് ലാബുകൾക്കാവശ്യമായ ഉപകരണങ്ങൾ ലഭിക്കാത്തതുമൂലം പല കാത് ലാബുകളും അടച്ചിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | സാധാരണക്കാരായ രോഗികൾക്ക് ആശ്വാസമേകുന്ന രീതിയിൽ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും പ്രവർത്തിക്കുന്ന കാത് ലാബുകൾ തടസ്സമില്ലാതെ തുടർന്ന് പ്രവർത്തിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും പ്രവർത്തിക്കുന്ന കാത്ത് ലാബുകൾ നിലവിൽ തടസ്സമില്ലാതെ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ